MR. PRESIDENT : ആർഡർ ആർഡർ. എനിക്ക് ഒരു പ്രസ്താവന ചെയ്വാനുണ്ട്. ഈ അംഗങ്ങൾ അടങ്ങിയ ഒരു ഡിലിമിറ്റേഷൻ കമ്മിറ്റിയെ രൂപീകരിക്കാൻ സഭ കഴിഞ്ഞ ന-ാം ന- തീരുമാനിക്കുകയും ആ ഈ അംഗങ്ങളെ ആനുപാതികപ്രാതിനിദ്ധ്യതത്വമനുസരിച്ച് തെരഞ്ഞെടുക്കുന്നതാണെന്ന പ്രധാനമന്ത്രി നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ട് ആ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശങ്ങൾ കഴിഞ്ഞ ന-ാം തിയതി ഉച്ചയ്ക്ക് ര-മണിക്കു മുൻപ് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. അന്നത്തെ വൈകിട്ട് ര-ന ഇ-ന് നാമനിർദ്ദേശങ്ങൾ എന്റെ ചേംബറിൽ വച്ച് പരിശോധിക്കുന്നതാണ്. തെരഞ്ഞെടുപ്പ്, ആവശ്യമെന്നു കണ്ടാൽ കഴിഞ്ഞ ഫെ ന- സഭാനടപടികൾക്കു ശേഷം നടത്തുന്നതാണ്.

Reference re Ayurveda College.

MR. K. SIVARAMA PILLAI: Before we proceed to the business of the House may I remind the Prime Minister of what he promised yesterday about the Ayurveda College affair.

HON'BLE MR. T. K. NARAYANA PILLAI : ആയുർവേദ കോളേജിനെ സംബന്ധിച്ച് ഗവണ്മെന്റിനു പറയുവാനുള്ളത് ഇന്നത്തെ പത്രങ്ങളിൽ തന്നെ പ്രസിദ്ധംചെയ്തിട്ടുള്ളതാണ്. അതിന്റെ ചുരുക്കം ഇതാണ്: ആയുർവ്വേദ കോളേജു വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരിക്കുന്നത് പഞ്ചവത്സരകോഴ്സിന്റെ ഫലമായി ജയിച്ചവർക്കു ഇപ്പോൾ കൊടുത്തുവരുന്ന വൈദ്യകലാനിധി എന്ന സ്ഥാനപ്പേർ പോരാ എന്നും തിരുവിതാംകൂർ യൂനിവേഴ്സിറ്റിയിൽ നിന്നും അംഗീകരിച്ചിട്ടുള്ള ഒരു ഡിഗ്രിയോ, ഡിപ്ലമായോ കൊടുക്കണമെന്നുമാണ്. അവർക്കു ഇനി വൈദ്യകലാനിധി എന്ന ബിരുദം കൊടുക്കുന്നില്ല. ആയുർവ്വേദത്തെപ്പറ്റി അന്വേഷിച്ച് അതിനെ പരിഷ്കരിക്കുന്നതിനും, ആയുർവേദ കോളേജ് യൂണിവേഴ്സിറ്റിയിലേക്ക് അഫിലിയേറ്റു ചെയ്യുന്നതിനേയും, ആയുർവേദകോളേജ് വിദ്യാർത്ഥികൾക്ക് ഡിഗ്രിയോ ഡിപ്ലമായോ കൊടുക്കുന്നതിനേയും പറ്റി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും മറ്റുമായി ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഒരു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കുമെന്നു വിശ്വസിക്കുന്നു. പിന്നെ മൂന്നുമാസത്തിനകം, ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഗവണ്മെന്റ് പഞ്ചവത്സരകോഴ്സ് കഴിഞ്ഞുവരുന്നവർക്കു അവർ ആവശ്യപ്പെടുന്നതുപോലെയുള്ള ഡിഗ്രികൊടുക്കുന്നതാണെന്നു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതു രണ്ടും ചെയ്യാമെന്നാണ് ഗവണ്മെന്റ് പറഞ്ഞിട്ടുള്ളത്. ഇതു മുമ്പ് സ്വീകരിച്ചിരുന്ന നയമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly